പാഠം 15

# പ്രാർത്ഥന

## ദൈവവുമായുള്ള സംഭാഷണം



# ‘സ്വർഗസ്ഥനായ പിതാവേ’

**എന്നാരംഭിക്കുന്ന പ്രാർത്ഥന.**



പ്രാർത്ഥന ദൈവവുമായുള്ള സ്നേഹസംഭാഷണമാണ്.
ഈശോ പ്രാർത്ഥനയിൽ തന്റെ പിതാവുമായി സംസാരിച്ചിരുന്നു.

ദൈവവുമായുള്ള സംഭാഷണത്തിലെ പ്രത്യേകതകൾ അനുസരിച്ച് പ്രാർത്ഥനയ്ക്ക് ആരാധന, സ്തുതിപ്പ്, കൃതജ്ഞത, യാചന, മദ്ധ്യസ്ഥ്യം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉണ്ട്.



## ആരാധന

ദൈവം നമ്മുടെ സർവസ്വവുമാണെന്നും അവിടത്തെ കൂടാതെ നാമൊന്നുമല്ലെന്നും ഗ്രഹിച്ച് സ്നേഹനിധിയായ അവിടുത്തേയ്ക്ക് നമ്മുടെമേലുള്ള പരമാധികാരം ഏറ്റുപറയുന്നതാണ് ആരാധനാ പ്രാർത്ഥന.

## സ്തുതിപ്പ്

ദൈവത്തിന്റെ മഹത്ത്വപൂർണ്ണമായ പ്രവർത്തനങ്ങളെയും സൃഷ്ടപ്രപഞ്ചത്തിലെ മഹിമയാർന്ന നന്മകളെയും കണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനെയാണ് നമ്മൾ സ്തുതിപ്പ് എന്നു പറയുന്നത്.

## കൃതജ്ഞത

ദൈവം നമുക്കോരോരുത്തർക്കും നമ്മുടെ കുടുംബങ്ങൾക്കും സമൂഹത്തിനും നൽകിയിട്ടുള്ളതും നൽകുന്നതുമായ അനുഗ്രഹങ്ങളെയും നന്മകളെയും ഓർത്ത് അവിടുത്തേയ്ക്കു നന്ദി പറയുന്ന പ്രാർത്ഥനയാണ് കൃതജ്ഞതാപ്രാർത്ഥന.

## യാചന

സർവനന്മസ്വരൂപനായ ദൈവത്തോട് നമുക്ക് ആവശ്യമായ നന്മകളും അനുഗ്രഹങ്ങളും ചോദിക്കുന്നതും നമ്മുടെ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുന്നതുമായ പ്രാർത്ഥനയാണ് യാചനാപ്രാർത്ഥന.

## മാദ്ധ്യസ്ഥ്യം

ഒരു വ്യക്തിയോ ഒരു സമൂഹമോ, മറ്റൊരാൾക്കോ മറ്റൊരു സമൂഹത്തിനോ വേി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതാണ് മദ്ധ്യസ്ഥപ്രാർത്ഥന.

ഇവയെക്കൂടാതെ പ്രാർത്ഥനയെ

സമൂഹപ്രാർത്ഥനയെന്നും വ്യക്തിപരമായ

പ്രാർത്ഥനയെന്നും രായി തിരിച്ചിരിക്കുന്നു.



# സമൂഹപ്രാർത്ഥന

**ഒന്നിലധികം പേർ ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നതിനെയാണ് നാം സമൂഹപ്രാർത്ഥനയെന്നു പറയുന്നത്.**





# വ്യക്തിപരമായ പ്രാർത്ഥന

- ദൈവസന്നിധിയിൽ ഒരു വ്യക്തി ഒറ്റയ്ക്ക് നടത്തുന്ന പ്രാർത്ഥന യാണ് വ്യക്തിപരമായ പ്രാർത്ഥന.
- രാവിലെ ഉണരുമ്പോഴും രാത്രി കിടക്കാൻ പോകുമ്പോഴുമെല്ലാം നമുക്ക് വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ കഴിയും
- . നമ്മുടെ സന്തോഷങ്ങളിലും വേദനകളിലും ക്ലേശങ്ങളിലും ദൈവ ത്തോട് വ്യക്തിപരമായി പ്രാർത്ഥിക്കാൻ സാധിക്കും.

# പ്രാർത്ഥനയുടെ ഫലങ്ങൾ

**പ്രാർത്ഥനയുടെ ഫലമായി നമുക്ക് ദൈവികമായ ശക്തിയും അനുഗ്രഹവും ലഭിക്കുന്നു.**

**പ്രാർത്ഥനയുടെ ഫലത്തെക്കുറിച്ച് ഈശോ പറഞ്ഞു:**

**ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും** (ലൂക്കാ 11:10). **ഈശോ വീണ്ടും പറഞ്ഞു: തന്റെ പിതാവിനോടു ചോദിക്കുന്നവർക്ക് അവിടുന്ന് എത്രയോ അധികമായി തന്റെ പരിശുദ്ധാത്മാവിനെ നൽകും** (ലൂക്കാ 11:13).

# നമുക്കു പാടാം



തിങ്ങും പ്രതീക്ഷയോടാനന്ദചിത്തരായ്

സർവ്വേശ കാരുണ്യം പ്രാർത്ഥിച്ചീടാം

ദൈവമേ പ്രാർത്ഥന കേട്ടു കനിയണേ

സ്വർഗ്ഗീയ ദാനങ്ങൾ നൽകീടണേ.

# നമുക്കു പ്രാർത്ഥിക്കാം

**പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ഈശോയേ, ജീവിതത്തിലെ എല്ലാ സന്ദർഭ ങ്ങളിലും പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.**

# നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(ലൂക്കാ.11:1-13)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**"ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും"** (ലൂക്കാ 11:10).

# എന്റെ തീരുമാനം

**എല്ലാ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോഴും രാത്രി കിടക്കാൻ പോകുമ്പോഴും ഞാൻ വ്യക്തിപരമായി ദൈവത്തോടു പ്രാർത്ഥിക്കും.**

# നമുക്കു ആടാം പാടാം



ദൈവമക്കളാകും നമ്മൾ
രാവും പകലും പ്രാർത്ഥിക്കേണം
സ്വർഗ്ഗതാതനാരാധന-
യേകിടേണം നാം
നന്ദി സ്തുതി യാചനയും
നിത്യം നാഥനേകീടേണം
ദൈവകൃപനേടിയെന്നും
വളർന്നീടേണം
തിന്മയെന്നും ചെറുത്തിടാൻ
നന്മയിൽ നാം വളർന്നീടാൻ
ദൈവകൃപയേകീടുന്നു
പ്രാർത്ഥനയെന്നും.

Thank you